**പതിനാലാം കേരള നിയമസഭ**

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 2231 **09.03.2018** - ലെ മറുപടിക്ക്

**<u>പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങൾക്കുള്ള ഭവനപദ്ധതി</u>**

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീമതി ഇ.എസ്.ബിജിമോൾ<br>ശ്രീ.ജി.എസ്.ജയലാൽ<br>ശ്രീ. മുഹമ്മദ് മുഹസിൻ പി.<br>ശ്രീമതി സി.കെ. ആശ** | | **ശ്രീ. എ.കെ.ബാലൻ<br>(പട്ടികജാതി പട്ടികവർഗ്ഗ പിന്നാക്കസമുദായ ക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററി കാര്യവും വകുപ്പ് മന്ത്രി)** | |
| (എ) | പട്ടികജാതി - പട്ടികവർഗ്ഗ വിഭാഗങ്ങൾക്കുള്ള ഭവന പദ്ധതികൾ വിലയിരുത്തിയിട്ടുണ്ടോ; വ്യക്തമാക്കുമോ; | (എ) | ഉണ്ട്.<br><br>**<u>പട്ടികജാതി വിഭാഗം</u>**<br>2007-08 മുതൽ അനുവദിച്ചിട്ടുള്ളതും എന്നാൽ 31.03.2017-ന് പ്രവൃത്തി പൂർത്തിയാകാത്തതുമായ 25773 സ്പിൽ ഓവർ വീടുകളിൽ '7376'-ഉം, 2017-18-ൽ അനുവദിച്ച 7000 വീടുകളിൽ '136'-ഉം വീടുകൾ പൂർത്തീകരിച്ചിട്ടുണ്ട്.<br><br>**<u>പട്ടികവർഗ്ഗ വിഭാഗം</u>**<br>പട്ടികവർഗ്ഗ വിഭാഗക്കാർക്ക് വികസന വകുപ്പ മുഖേന സമ്പൂർണ്ണ പാർപ്പിട പദ്ധതിയിൽ ഉൾപ്പെടുത്തി ജനറൽ ഹൗസിംഗ്, എ.റ്റി.എസ്.പി ഭവന പദ്ധതി, ഹഡ്കോ ഭവന പദ്ധതി, വി.കെ.വൈ ഭവന പദ്ധതി എന്നീ പദ്ധതികൾ നടപ്പിലാക്കി വരുന്നു. 2011-12 മുതൽ 2016-17 വരെ അനുവദിച്ച നൽകിയ 24314 വീടുകളിൽ നാളിതുവരെ 6823 വീടുകൾ പൂർത്തീകരിക്കുകയും ശേഷിക്കുന്ന 17491 വീടുകൾ വിവിധ ഘട്ടങ്ങളിലായി പണി പുരോഗമിച്ചു വരികയും ചെയ്യുന്നു. ഇവയിൽ 2015-16 വരെ അനുവദിച്ച 12928 വീടുകൾ ലൈഫ് മിഷൻ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| | | | ഇത്തരം ഭവന നിർമ്മാണ പദ്ധതികളുടെ പുരോഗതി എല്ലാ മാസവും വിലയിരുത്തുകയും ലക്ഷ്യ സാക്ഷാത്കാരം ത്വരിത ഗതിയിലാക്കുന്നതിനുള്ള നിർദ്ദേശങ്ങൾ നൽകുകയും ചെയ്യുന്നുണ്ട്. |
| (ബി) | സ്വന്തമായി സ്ഥലവും, വീട്ടുമില്ലാത്ത പട്ടികജാതി-പട്ടികവർഗ്ഗ കുടുംബങ്ങൾ എത്രയുണ്ടെന്ന് വ്യക്തമാക്കുമോ; | (ബി) | പട്ടികജാതി: ഭൂരഹിതർ - 43282, ഭവനരഹിതർ -48154<br>പട്ടികവർഗ്ഗം: ഭവനഭൂരഹിതർ - 26770, സ്വന്തമായി ഭൂമിയുള്ള ഭവനരഹിതർ - 15176 |
| (സി) | ഈ സർക്കാർ കാലാവധി പൂർത്തിയാക്കുന്നതോടെ സംസ്ഥാനത്ത് സ്ഥലവും വീട്ടുമില്ലാത്ത പട്ടിജാതി-പട്ടിക വർഗ്ഗക്കാരുണ്ടാകില്ലെന്ന പ്രഖ്യാപനത്തിലേക്കുള്ള പുരോഗതി എത്രമാത്രം പ്രാവർത്തിക മാക്കിയെന്ന് വ്യക്തമാക്കുമോ; | (സി) | സംസ്ഥാനത്തെ മുഴുവൻ ഭൂരഹിതരും ഭവനരഹിതരുമായ പട്ടികജാതി കുടുംബങ്ങൾക്കും വാസയോഗ്യമായ ഭവനം ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെ 2016-17 വർഷം 14946 വീടുകളും 2017-18 വർഷം 7000 പുതിയ വീടുകളും വകുപ്പിന്റെ ഭവന നിർമ്മാണ ധനസഹായ പദ്ധതി പ്രകാരം അനുവദിച്ച് നൽകിയിട്ടുണ്ട്. കൂടാതെ, 7487 പേർക്ക് ഭൂമി നൽകുന്ന പദ്ധതി പ്രകാരം ധനസഹായം അനുവദിച്ച് നൽകിയിട്ടുണ്ട്. സമ്പൂർണ്ണ പാർപ്പിട പദ്ധതി (ലൈഫ് മിഷൻ) പ്രകാരം സ്വന്തമായി ഭൂമിയുള്ളവർക്ക് 4 ലക്ഷം രൂപ നിരക്കിൽ വീട് നിർമ്മിക്കുന്നതിനും ഭൂമിയും വീടും ഇല്ലാത്ത കുടുംബങ്ങൾക്ക് സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ ഭവന സമുച്ചയങ്ങൾ നിർമ്മിച്ച് നൽകുന്നതിനുമാണ് ലക്ഷ്യമിടുന്നത്. 2015-16 വർഷം വരെയുള്ള സ്പിൽഓവർ പദ്ധതികളും ലൈഫ് മിഷനിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.<br>സമാനരീതിയിൽ തന്നെ ഭവനഭൂരഹിതരായ പട്ടികവർഗ്ഗക്കാർക്ക് വീട് അനുവദിക്കുന്നതിനുള്ള ഊർജ്ജിത നടപടികളും സ്വീകരിച്ചിട്ടുണ്ട്. ഇത്തരം പ്രവർത്തനങ്ങൾ പൂർത്തീകരിക്കുന്ന തോടെ പ്രഖ്യാപിത ലക്ഷ്യം കൈവരിക്കും. |

| | | | |
|---|---|---|---|
| (ഡി) | വിവിധ ഭവന നിർമ്മാണ പദ്ധതികൾ പ്രകാരം പൂർത്തീകരിക്കാനാകാത്ത പട്ടികജാതി പട്ടികവർഗ്ഗ വിഭാഗക്കാരുടെ ഭവനനിർമ്മാണം പുനരാരംഭിക്കുന്നതിൽ കൈവരിച്ച പുരോഗതി വ്യക്തമാക്കുമോ? | (ഡി) | പട്ടികജാതി വികസന വകുപ്പ് മുഖേന 2007-08 വർഷം മുതൽ 2015-16 വർഷം വരെ അനുവദിച്ചതിൽ 31.03.2016-ന് പണി പൂർത്തിയാകാതെ അവശേഷിച്ച 16363 വീടുകളിൽ 4567 വീടുകൾ 2016-17 വർഷവും 2007-08 മുതൽ 2016-17 വർഷം വരെ അനുവദിച്ചതിൽ 31.03.2017-ന് പൂർത്തിയാകാതെ അവശേഷിച്ച 25773 വീടുകളിൽ 7376 വീടുകൾ 2017-18 വർഷവും പൂർത്തീകരിച്ചിട്ടുണ്ട്.<br>ലൈഫ് മിഷൻ പദ്ധതിയിൽ ഉൾപ്പെടുത്തിയ 12928 പട്ടികവർഗ്ഗ വിഭാഗക്കാർക്കുള്ള വീടുകളിൽ 746 എണ്ണം പൂർത്തീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ